KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# ലിറ്റിൽകൈറ്റ്സ്

## മാഗസിൻ

*2018-19*

*G H S S Paravur*

"അഡ് വേഴ് സറിയ"

## ആമുഖം

**2018 ജൂൺ മാസം മുതൽ പരവൂർ G H S S-ൽ ലിറ്റിൽ കൈറ്റ്സ് എന്ന യൂണിറ്റ് ആരംഭിച്ചു . സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ പരിജ്ഞാനം നേടുന്നതിനും വിദ്യാലയത്തിലെ പഠനേതരമായ എല്ലാ മേഖലകളെയും സാങ്കേതിക വിദ്യയുമായി ബന്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് ലിറ്റിൽ കൈറ്റ്സ് ലക്ഷ്യമാക്കുന്നത് .കൈറ്റ്സിന്റെ അണിയറയിൽ ജസ്റ്റിൻ ഗമാലിയേൽ സാറും മിസ്ട്രസ്സായി സുഗതകുമാരി ടീച്ചറും പ്രവർത്തിച്ചു വരുന്നു.20 കുട്ടികളുള്ള ഒരു യൂണിറ്റ് ഇവിടെ പ്രവർത്തിച്ചുവരുന്നു.**

സുഗതകുമാരി .ജി (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)



## അവതാരിക

മലയാള ഭാഷയുടെ പ്രവർത്തനങ്ങളിൽ മികവുറ്റ സൃഷ്ടികൾ സംഭാവന ചെയ്യുന്ന ഈ സ്കൂളിലെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു. വിദ്യാർത്ഥികൾക്ക് മുന്നിൽ പുതിയൊരു മാധ്യമം തുറന്നു കിട്ടിയതിലെ സന്തോഷമാണ് ഏവർക്കും. ഇത് കുടുതൽ പേരെ ഈ രംഗത്തേയ്ക്ക വരുവാൻ പ്രേരിപ്പിക്കുമെന്ന് [illegible] [illegible].ഇങ്ങനെ ഒരു സംരംഭം തുറന്ന് വച്ച ലിറ്റിൽ കൈറ്റ്സിലെ പിന്നണി പ്രവർത്തകർക്ക് എന്റെ ഭാവുകങ്ങൾ...

-രാജലക്ഷ്മി എസ് [മലയാളം]

## സന്ദേശം

*2018* ജൂൺ മുതൽ *G.H.S.S* പരവൂരിൽ ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് ആരംഭിച്ചു. ഈ സ്ക്കൂളിലെ സീനിയർ അധ്യാപകനായ ജസ്റ്റിൻ സാറും ഹൈസ്ക്കൂൾ വിഭാഗം മലയാളം അധ്യാപിക

സുഗത ടീച്ചറും ഇതിന്റെ അണിയറയിൽ, നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നു. ഈ അക്കാദമിക വർഷത്തിൽ, സാങ്കേതിക വിദ്യയുടെ സമഗ്രമായ പഠനം വിദ്യാർത്ഥികളിൽ എത്തിക്കുവാൻ കഴിഞ്ഞ ലിറ്റിൽ കൈറ്റ്സിന്റെ ഈ യൂണിറ്റിന് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ

അർപ്പിക്കുന്നു.

-ബിന്ദു (staff secretary)

## <u>സന്ദേശം</u>

വിവരസാങ്കേതികവിദ്യ വലിയൊരു കുതിച്ചു ചാട്ടത്തിലേക്കു നടന്നുനീങ്ങുന്ന സമകാലിക സാഹചര്യത്തിൽ നാളത്തെ തലമുറകളായി മാറേണ്ട നമ്മുടെ കുട്ടികളിൽ സാങ്കേതികവിദ്യാപരിജ്ഞാനം നൽകുവാൻ ഉദ്ദേശിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പരിപാടിയാണ് ലിറ്റിൽ കൈറ്റ്സ്

ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി നമ്മുടെ സ്കൂളും ഒരു ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്ത് കൊണ്ട്നമ്മുടെ സാന്നിധ്യവും അറിയിക്കുകയാണ് വേളയിൽ അതിലൂടെ സാങ്കേതിക വിദ്യയിൽ കുനിച്ചുചാട്ടം നടത്തുന്ന ലോകത്തേക്കുള്ള അറിവുകളുടെ മഹാസമുദ്രമായ നമ്മുടെ

കുട്ടികളും മാറട്ടെ

-രാഹുൽ കൃഷ്ണൻ

## <u>നമ്മുടെ വിദ്യാലയം</u>





പ്രീതാ ദേവി അമ്മ (H.M)



SHEEBA S ( I T
CO-ORDINATOR)



JUSTIN
GAMALIAL

(LITTLEKITE KITE MASTER)



**LK TEAM**

# <u>അവസാനം</u>

ഇന്നത്തെ പുരുഷ ജീവിതം എന്താണ് ? എന്താണർത്ഥമാക്കുന്നത് .കാമത്തിലും മയക്കുമരിന്നിലും അടിമയായി ജീവിക്കുന്ന ഒരു പുരുഷ്യ സമൂഹമാണ് ഇന്നത്തേത്. അമ്മയെ- തിരിച്ചറിയില്ല മകളെ തിരിച്ചറിയില്ല സഹോദരിയെ തിരിച്ചറിയില്ല. ഇന്നുള്ള പല പുരുഷ്യ സമൂഹവും അനാവശ്യ ബന്ധങ്ങളിലുടെ സ്വന്തം വിനാശം വിലക്കുവാങ്ങുന്നു .അത് പറയുന്ന കഥയാണ് .

കാത്തിരുപ്പിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഒരു കുടുംബത്തിൽ അതാ ഒരു കുഞ്ഞ് പിറന്നു . അവനെ അവർ തറയിൽ വയ്ക്കാതെ വളർത്തുന്നു. അങ്ങനെ അവൻ വളരുന്നു. വളർന്ന് വലുത്താകുന്നു. പഠിത്തത്തിലായിരുന്നാലും മറ്റെല്ലാത്തിലും



അതാ അവൻ മുൻപന്തിയിലെത്തുന്നു സ്ത്രീകളെയും മറ്റുള്ളവരെയും ബഹുമാനിച്ച് അതാ അവൻ വളരുന്നു പെട്ടന്ന് അവന്റെ സ്കൂളിൽ രണ്ട് വിദ്യാർത്ഥികൾ വന്നു അവനും അവരും ചങ്ങാതിമാരായി പതിയെ പതിയെ അവൻ മാറുന്നു അങ്ങനെ അവൻ പൂർണ്ണമായി മാറി നേരത്തെ ഉണ്ടായിരുന്ന ബഹുമാനങ്ങൾ ഇല്ലാതായി സ്കൂളിൽ നിന്ന് വീട്ടിൽ വരാൻ ഏറെ വൈകുന്നു. അങ്ങനെ ഇരിക്കെ അതാ മയ്ക്ക് മരുന്നു ഉപയോഗിക്കാനുള്ള ശ്രമത്തിലാണ് അതിനുള്ള രഹസ്യം എന്താെണെന്നറിയാൻ

അവനൊരു ആഗ്രഹം അത് അവൻ അവരോടു പറയുന്നു. അങ്ങനെ വളരെ കഷ്ടപ്പെട്ട്

ആ മരുന്ന അവർ ഒപ്പിച്ചു .അത് ഉപയോഗിക്കുമ്പോയും അവന്റെ ഉള്ളിൽ നിന്ന് ആരോ വേണ്ടാ വേണ്ടാ എന്ന് പറയുന്നുണ്ടായിരുന്നു അത് മാനിക്കാതെ അവൻ തന്റെ ശരീരം ആസകലം ആ മരുന്ന് വേഗം പടർന്നു.അവൻ മയങ്ങാൻ തുടങ്ങി.ഇവന്റെ ഈ പോക്ക് ശരിയല്ല എന്ന് പലർക്കും തോന്നുന്നു അതുപോലെ

തന്നെ അതാ അവന്റെ മാറ്റവും വീട്ടുകാർ മനസ്സിലാക്കി കാരണം മാത്രം ആ പാവങ്ങൾക്ക് മനസ്സിലാക്കിയ അവർ ആ മരുന്നിന് വൻ വൻ തുകകൾ മുടക്കി .

## <u>എന്റെ സുന്ദരി പൂച്ച</u>

എനിക്കുണ്ടൊരു പൂച്ച

എന്റെ സ്വന്തം പൂച്ച

എന്റെ മടിയിൽ ഇരിക്കും

മെന്നും നല്ല പൂച്ച

എന്റെ പൊന്ന് പൂച്ച

ഞാനിരിക്കും നേരമെൻ

അരികിൽ ഇരിക്കും പൂച്ച

എന്റെ പൊന്ന് പൂച്ച

എന്റെ സുന്ദരി പൂച്ച

ഞാനുറങ്ങും നേരമെൻ

അരികിലുറങ്ങും പൂച്ച

എന്റെ സുന്ദരി പൂച്ച

എന്റെ പൊന്ന് പൂച്ച എന്റെ സുന്ദരി പൂച്ച

മ്യാവൂ... മ്യാവൂ... എന്നു കരയും

എന്റെ കുഞ്ഞ് പൂച്ച

**അറിവ് നേടൂ...**

## അറിവിനൊപ്പം വിനയവും...

ഒരു ഗ്രാമത്തിൽ ഒരു പണ്ഡിതനുണ്ടായിരുന്നു.വലിയ അഹങ്കാരിയായിരുന്നു അദ്ദേഹം പാവങ്ങളെ ഓരോ കാര്യത്തിലും അദ്ദേഹം വെല്ലുവിളിക്കും. ഒരു ദിവസം ജനങ്ങൾ ഒരുമിച്ചു കുടിയ കവലയിൽ അയാൾ ഒരു വൃദ്ധനെ കളിയാക്കാൻ തിരുമാമിച്ചു.അയാൾ വൃദ്ധനോട് ചോദിച്ചു. ഭൂമിയുടെ മദ്ധ്യഭാഗം ഏതെന്നറിയാമോ? അപ്പോൾ വൃദ്ധൻ പറഞ്ഞു ഞാൻ നിൽക്കുന്ന ഈ സ്ഥലമാണ് ഭൂമിയുടെ മദ്ധ്യ ഭാഗം

സംശയമുണ്ടെങ്കിൽ നിങ്ങൾ അളന്നു നോക്കു. തനിക്കുണ്ടായ ജാള്യത മറച്ച് അയാൾ വീണ്ടും ചോദിച്ചു .എന്നാൽ ആകാശത്ത് എത്ര നക്ഷത്രങ്ങൾ ഉണ്ടന്ന് പറയാമോ? വൃദ്ധൻ പറഞ്ഞു നിന്റെ തലയിലെ മുടിയുടെ അത്രയെണ്ണുണ്ട് ആകാശത്തിലെ നക്ഷത്രങ്ങൾ സംശയമുണ്ടെങ്കിൽ തല മൊട്ടയടിച്ച് എണ്ണിനോക്കൂ. പാവം വീണ്ടും തോറ്റു

. തോൽവിയിൽ നിന്ന് രക്ഷപ്പെടാൻ അയാൾ വീണ്ടും ശ്രമിച്ചു അയാൾ ചോദിച്ചു. നിങ്ങളുടെ താടിയിൽ എത്ര രോമങ്ങളുണ്ടന്ന് പറയൂ. എന്റെ കഴുതയുടെ വാലിലുള്ള

രോമങ്ങളുടെ അത്രയുമുണ്ട് എന്റെ കഴുതയുടെ രോമങ്ങൾ. സംശയമുണ്ടെങ്കിൽ നീ പോയി എണ്ണിനോക്കൂ വൃദ്ധൻ മറുപടി പറഞ്ഞു. അങ്ങനെ തോറ്റു തുന്നം പാടിയ ആ അഹങ്കാരി അവിടെന്ന് ഓടി രക്ഷപ്പെട്ടു.കൂട്ടുകാരെ അറിവ് കൊണ്ട് ഒരിക്കലും അഹങ്കരിക്കരുതെന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു.

മനുഷ്യകഥാനുഗായികൾ

ഗുരു ശിഷ്യർക്കു മുന്നിലെത്തി.അന്നേരം കിളിവാതിലിലോരു

പക്ഷി വന്നിരുന്നു.അതു പാടാൻ തുടങ്ങി.അവർ ആ പാട്ടിൽ

ലയിച്ചിരുന്നു.പക്ഷി പറന്നുപോയപ്പോൾ ഗുരു പറഞ്ഞു;ഇനി

പൊയ്കോളൂ. ഇന്നത്തെ അധ്യയനം കഴിഞ്ഞു

സെൻകഥ.

**പ്രളയാവർത്തനം ഭീതിദമോ?**

കേരളത്തെ പിടിച്ചുലച്ച പേമാരി.അതിനെത്തുർന്നുണ്ടായ പ്രളയം ദാരുണമരണങ്ങൾ , സർവതും സകലതും സമ്പാദ്യവും നഷ്ടമായവർ . ഇതൊക്കെയാണ് ആഗസ്റ്റ് മാസം തൊട്ട് നാം കാണുകയും കേൾക്കുകയും ചെയ്യുന്നത് .1924-ൽ സംഭവിച്ച പ്രളയത്തോളം വരില്ലെങ്കിലും നമ്മളുടെ കണ്ണും മനസ്സും ഒരേ അളവിൽ നിറച്ച ഒരു

ദുരന്തമാണ് നാം അതിജീവിച്ചത് ദുരിതാശ്വാസ ക്യാമ്പുകൾ പലർക്കും വീടുകളായി മാറിയ കാഴ്ച കണ്ടു നാം എന്താണ് നമുക്ക് പറ്റിയത് കടലുകളാലും ,കായലുകളാലും ,തോടുകളാലും,കുളങ്ങളാലും,കിണറുകളാലും, ഒക്കെ സമൃദ്ധമായ കേരളത്തിൽ എങ്ങനെ പ്രളയം സംഭിച്ചു?അശാസ്ത്രീയമായ ഖനനം മൂലവും ,മറ്റും എന്നായിരുന്നു പഠനങ്ങളിൽ തെളിഞ്ഞത് ? നാം പ്രകൃതിയോട് ചെയ്തതതിന്റെ തിരിച്ചടി നമുക്ക്

ലഭിച്ചു കഴിഞ്ഞു .

**"സത്യമേവ ജയതേ !!!"**

വൈക്കം മുഹമ്മദ് ബഷീർ

1908 ജനുവരി 21 ന് വൈക്കം തലയോലപ്പറമ്പിൽ ജനിച്ചു.
കഥാകൃത്ത്,നോവലിസ്റ്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഫാത്തിമ ബഷീർ{

# THANK YOU